**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07

**KOTTAYAM DIOCESE**

https://mjssakottayamdiocese.com

https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Circular / 03**

**Date : 24.01.2024**

**No: KTYM/ D/ Circular / 03 dtd 24.01.2024**

Circular to All Sunday Schools of MJSSA Kottayam Diocese and its co-workers

കർത്താവിൽ പ്രിയ സഹപ്രവർത്തകരെ ,

നമ്മുടെ ഭദ്രാസനത്തിലെ അഞ്ച് ഡിസ്ട്രിക്റ്റുകളിലായി 67 സൺഡേ സ്കൂളുകളിലെയും നാളിതുവരെയുള്ള പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിൽ കാരുണ്യവാനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. 2024 ലെ കോട്ടയം ഭദ്രാസന തല സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ 2024 ജനുവരി 7 ഞായറാഴ്ച്ച പാമ്പാടി ഈസ്റ്റ് വി.മർത്തമറിയം ചെറിയപള്ളിയിൽ വച്ച് യാക്കോബായ സഭയുടെ സുന്നഹദോസ് സെക്രട്ടറിയും ഇടവക മെത്രാപ്പോലീത്തയുമായ നി.വ.ദി.ശ്രീ.ഡോ.തോമസ് മോർ തീമോത്തിയോസ് തിരുമനസ് കൊണ്ട് ഉദ്ഘാടനം ചെയ്ത പ്രവേശനോത്സവത്തോടെ ആരംഭം കുറിച്ചുവല്ലോ. ഭദ്രാസന തലത്തിൽ ഒരു പ്രവേശനോത്സവം സംഘടിപ്പിക്കുവാൻ സാധിച്ചപ്പോൾ, അതിനോട് ചേർന്ന് നിന്നു കൊണ്ട് നമ്മുടെ ഭദ്രാസനത്തിലെ മിക്ക സൺഡേസ്കൂളുകളിലും പ്രവേശനോത്സവത്തോട് കൂടി ഈ വർഷത്തെ ക്ലാസുകൾ ആരംഭിക്കുവാൻ സാധിച്ചത് ഏറെ സന്തോഷകരമായ വസ്തുതയാണ്.

സൺഡേസ്കൂൾ സ്ഥാപക ദിനത്തോടനുബന്ധിച്ച് MJSSA പതാക ഉയർത്തുകയും പരി.പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ അനുസ്മരണ ചടങ്ങും 2024 ജനുവരി 21 ഞായറാഴ്ച്ച ഭദ്രാസന തലത്തിൽ പേരൂർ ആഗോള മർത്തശ്മൂനി തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തപ്പെടുകയും, ഭദ്രാസനത്തിലെ വിവിധ ഡിസ്ട്രിക്റ്റ് / സൺഡേസ്കൂളുകളിലായി പതാക ഉയർത്തി അനുസ്മരണ ചടങ്ങ് സംഘടിപ്പിക്കുകയും ചെയ്തു. പ്രവേശനോത്സവം, സ്ഥാപക ദിനം , പതാക ഉയർത്തൽ, അനുസ്മരണ ചടങ്ങ് എന്നിവ ഭദ്രാസനത്തിലെ സൺഡേസ്കൂളുകളിൽ നടത്തുന്നതിൽ നേതൃത്വം നൽകിയ വൈദീകർ, ഭദ്രാസന - ഡിസ്ട്രിക്റ്റ് ഭാരവാഹികൾ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ എന്നിവരെ ഏറെ നന്ദിയോടെ ഓർക്കുന്നു.

30.04.2023 ൽ ചാർജ് ഏറ്റെടുത്ത ( 2023-26 ) കാലയളവിലെ ഭദ്രാസന ഭരണസമിതിക്ക് നാളിതുവരെ ഏവരുടെയും സഹകരണത്തോടെ ചെയ്യുവാൻ സാധിച്ച ചില പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. Website

### *മലങ്കരയിൽ ആദ്യമായി വെബ്സൈറ്റ് ക്രമീകരിക്കുന്ന ഭദ്രാസനം*

ഭദ്രാസനത്തിലെ എല്ലാ സൺഡേ സ്കൂളുകളിലെയും പൂർണ്ണ വിവരങ്ങളും എല്ലാ അദ്ധ്യാപകരുടെയും പേരും സർവ്വീസ് വിവരങ്ങളും ഫോൺ നമ്പറും , മുൻ കാല ചോദ്യപേപ്പർ, Answer Key , Text Book, വിവിധ ഫോമുകൾ , മുൻ കാല റിസൾട്ടുകൾ , സഭയിലെ എല്ലാ മെത്രാപോലീത്തമാരുടെയും വിവരങ്ങൾ, കോട്ടയം ഭദ്രാസനത്തിലെ എല്ലാ അച്ഛൻമാരുടെയും പേരുവിവരങ്ങൾ ഉൾപ്പെടെ ഏവർക്കും പ്രയോജനപ്രദമായ ഒരു വെബ്സൈറ്റ് ക്രമീകരിക്കുവാൻ സാധിച്ചു.

## 2. Answer Book

വാർഷിക പരീക്ഷയ്ക്കായി ഭദ്രാസനത്തിലെ എല്ലാ സൺഡേ സ്കൂളുകളിലും ഫേസിംങ് ഷീറ്റോട് കൂടിയ 8 പേജുള്ള Answer Book വിതരണം ചെയ്യുകയും അതുവഴി ഭദ്രാസനതലത്തിൽ ഏകീകൃത പരീക്ഷ സമ്പ്രദായം നടപ്പിലാക്കി.

## 3. ഭദ്രാസനതല കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പും ഭദ്രാസന റാങ്കും

ഭദ്രാസനത്തിൽ ആദ്യമായി എല്ലാ ഡിസ്ട്രിക്റ്റുകളിലെയും ക്ലാസ് V മുതൽ IX വരെയും പ്ലസ് വണിലെയും 80 ശതമാനത്തിലധികം മാർക്ക് നേടിയ ഉത്തരപേപ്പറുകൾ ഭദ്രാസനതല കേന്ദ്രീകൃത വാല്യുവേഷൻ ക്യാമ്പ് വഴി പുനർമൂല്യനിർണ്ണയം നടത്തി. തുടർന്ന് ( Class V - IX & XI ) ഭദ്രാസന തല റാങ്കും ആദ്യമായി പ്രഖ്യാപിച്ചു.

## 4. ഗ്രേഡിംങ്

### *മലങ്കരയിൽ ആദ്യമായി സൺഡേ സ്കൂൾ പരീക്ഷയ്ക്ക് ഗ്രേഡിംങ് നടപ്പിലാക്കി.*

വാർഷിക പരീക്ഷയുടെ ഭദ്രാസനതല മൂല്യനിർണയത്തിന് ശേഷം ഗ്രേഡുകൾ പ്രഖ്യാപിച്ചു. തൽഫലമായി റാങ്കിംങ് രീതിയിൽ ഉള്ളതിനേക്കാൾ കൂടുതൽ കുട്ടികൾക്ക് മുൻനിരയിൽ എത്താൻ സാധിച്ചു.

## 5. പാൻ കാർഡ്/ ബാങ്ക് അക്കൗണ്ട് / QR കോഡ്

**മലങ്കരയിൽ ആദ്യമായി ഒരു MJSSA ഘടകത്തിന് സ്വന്തം പേരിൽ തന്നെ ബാങ്ക് അക്കൗണ്ടും PAN Card ഉം ലഭിച്ച നേട്ടം MJSSA കോട്ടയം ഭദ്രാസനം നേടി**

പ്രസ്ഥാനത്തിന് സ്വന്തമായി അതിൻ്റെ പേരിൽ തന്നെ ഒരു ബാങ്ക് അക്കൗണ്ട് എന്ന ദീർഘകാലത്തെ സ്വപ്നം സാധ്യമാക്കുവാൻ സാധിച്ചു. QR Code വഴി അക്കൗണ്ട് ബന്ധിപ്പിക്കുകയും ചെയ്തു. അസ്സോസിയേഷൻ ഭദ്രാസന ഘടകത്തിൻ്റെ പേരിൽ ഭദ്രാസന ഫണ്ട് ഡയറക്ടർ , സെക്രട്ടറി എന്നിവരുടെ ജോയിൻ്റ് അക്കൗണ്ടിൽ ഇരുവരും ചേർന്ന് ഓപ്പറേറ്റ് ചെയ്യേണ്ടതാണ് എന്ന MJSSA ഭരണഘടന വകുപ്പ് 48 നടപ്പിലാക്കി.

| Bank Account Details | South Indian Bank<br>Kottayam Main Branch |
|---|---|
| Name : MJSSA KOTTAYAM<br>Account number : 0037073000003359<br><br>Customer ID : A54306301 | IFSC CODE : SIBL0000037<br>MICR : 686059002<br>SWIFT CODE : SOININ55XXX |

## 6. കലോത്സവം

- ഭദ്രാസന കലോത്സവത്തിലാദ്യമായി കലാപ്രതിഭ പുരസ്കാരവും ബെസ്റ്റ് സൺഡേ സ്കൂൾ ട്രോഫിയും ഏർപ്പെടുത്തി.
- MJSSA കലോത്സവ മാന്യുവൽ പ്രകാരം Scoring Indicators പരിചയപ്പെടുത്തി, തുടർന്ന് മാതൃക പ്രസംഗമുൾപ്പെടെ തയ്യാറാക്കി നൽകി
- കലോത്സവ ഗീതങ്ങളുടെ നിറം ഉപയോഗിച്ചുള്ള PDF ക്രമീകരിച്ചു നൽകി

## 7. ഭദ്രാസന തല പരിശീലന കളരി

ഭദ്രാസനതലത്തിൽ നിന്ന് തെരെഞ്ഞെടുക്കപെട്ട കുട്ടികൾക്ക് MJSSA കലോത്സവത്തിൽ പങ്കെടുക്കാനുള്ള പരിശീലനം നൽകുന്നതിനായി ആദ്യമായി ഒരു പരിശീലന കളരി സംഘടിപ്പിച്ചു.

## 8 DALIA

പുതിയ പാഠ്യപദ്ധതികളും പരിശീലന രീതികളും ഉൾകൊള്ളിച്ച് പുതിയ വേദിയിൽ വേറിട്ട രീതിയിലൂടെ വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പായ ഡാലിയ നടത്തുവാൻ സാധിച്ചു.

## 9. Previous Question Paper & Answer Key

മുൻകാല ചോദ്യപേപ്പറും & ആൻസർ കീയും Google Drive ലൂടെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുകയും അതുവഴി വാർഷിക പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ സുഗമമാക്കുകയും ചെയ്തു.

## 10. പൊതുവാർഷികം: BASS & Merit Eve

ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമ വേദിയായ ' ബാസ്സ് ' - സെമിനാർ ക്ലാസുകൾ, ചർച്ച, വിദ്യാഭ്യാസ അവാർഡ് ദാനം എന്നിവ സംയോജിപ്പിച്ച് രണ്ട് മെത്രാപ്പോലീത്തമാരുടെ മഹനീയ സാന്നിദ്ധ്യത്തോടെ ഒരു ദിവസം നീണ്ടു നിന്ന ഭദ്രാസന പൊതുവാർഷികമായി സംഘടിപ്പിച്ചു. 350 ൽ പരം അദ്ധ്യാപകരുടെ സാന്നിദ്ധ്യം സമ്മേളനത്തെ വേറിട്ടു നിർത്തി.

ഭദ്രാസനത്തിലെ 67 സൺഡേസ്കൂളുകളിൽ വാർഷികം, ഇൻസ്പക്ഷൻ, പരീക്ഷ എന്നിങ്ങനെ വിവിധ ഇനത്തിൽ **ആറു മാസത്തിനുള്ളിൽ 48 സൺഡേ സ്കൂളുകൾ സന്ദർശിക്കുവാൻ സാധിച്ചത്** ഏറെ സന്തോഷം നൽകുന്നു.

| Sl. No | ഡിസ്ട്രിക്റ്റ് | സന്ദർശിച്ച സൺഡേ സ്കൂളുകൾ |
|---|---|---|
| 1 | ചെങ്ങളം | 5 |
| 2 | കോട്ടയം | 12 |
| 3 | മണർകാട് | 14 |
| 4 | പള്ളം | 7 |
| 5 | പാമ്പാടി | 10 |

വടവാതൂർ മാർ അപ്രേം യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് ( 12.01.2024 ) ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ഭദ്രാസന കമ്മിറ്റി 2024 പ്രവർത്തനവർഷത്തെ കർമ്മപദ്ധതികളുടെ ഒരു രൂപരേഖ തയ്യാറാക്കി. ആയത് ഏവരുടെയും അറിവിനും നടത്തിപ്പിനുമായി ചുവടെ ചേർക്കുന്നു.

## YEAR PLAN - 2024

| Sl No | ഇനം | തീയതി | വേദി / സ്ഥലം |
|---|---|---|---|
| 1 | ആത്മദീപം<br>ചിത്രരചനാ മത്സരം | **February 25** | ഇൻസ്പെക്ടറുടെ ചുമതലയിൽ<br>As per MJSSA Guidelines |
| 2 | ഒഫീഷ്യൽ സെമിനാർ<br>Office Bearers Meet – 2024 | **March 3**<br>( 03:00 pm ) | Diocese Committee, Ast. Inspectors , District Secretary , District Teachers Representative / Atmadeepam Coordinators |
| 3 | JSVBS അദ്ധ്യാപക പരിശീലന ക്യാമ്പ് – Teachers Training Camp | **March 23**<br>( 9:30 am – 4:00 pm ) | St. Joseph's JS Cathedral Kottayam<br>Registration Fee: Rs 150 per Teacher |
| 4 | LSS /USS സ്കോളർഷിപ്പ് പരീക്ഷ – Preliminary Examination ( Online ) | **April 21** | ഹെഡ്മാസ്റ്ററുടെ ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച്<br>No Registration Fee for Preliminary Exam |
| 5 | ഭദ്രാസന പൊതുയോഗം | **April 28**<br>( 03:00 pm ) | St. Joseph's JS Cathedral Kottayam |
| 6 | LSS/USS സ്കോളർഷിപ്പ് പരീക്ഷ – Main Examination ( Offline ) | **May 4**<br>Saturday | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച്<br>Registration Fee: Rs 20 per Student |
| 7 | ' മികവ് ' - ഭദ്രാസന തല അദ്ധ്യാപക മത്സരം | **May 11**<br>Saturday | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച് |
| 8 | MJSSA വാർഷിക പൊതുയോഗം | **June 8**<br>Saturday | MJSSA Headquarters & Camp site , Puthencruz |
| 9 | അർദ്ധവാർഷിക പരീക്ഷ<br>( Class I – XII ) | **June 30** | ഹെഡ്മാസ്റ്ററുടെ ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച് |
| 10 | **MJSSA കലോത്സവം** | | |
| a | സൺഡേസ്കൂൾ തലം<br>( Sunday School Level ) | ഡിസ്ട്രിക്റ്റ് കമ്മിറ്റി നിശ്ചയിക്കുന്ന തീയതി | **Month - JULY** ( ഹെഡ്മാസ്റ്ററുടെയും സൂപ്പർവൈസറുടെയും ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച് ) |
| b | ഡിസ്ട്രിക്റ്റ് തലം<br>( District Level ) | പാമ്പാടി - **August 11** Sunday<br>മണർകാട് - **August 18** Sunday<br>പള്ളം - **August 20** Tuesday<br>ചെങ്ങളം - **August 25** Sunday<br>കോട്ടയം - **September 1** Sunday | ഇൻസ്പെക്ടറുടെ ചുമതലയിൽ ഡിസ്ട്രിക്റ്റ് കമ്മിറ്റി നിശ്ചയിക്കുന്ന അതാത് ഡിസ്ട്രിക്റ്റിലെ ഒരു വേദിയിൽ വച്ച് |
| c | ഭദ്രാസന തലം<br>( Diocese Level ) | **September 28**<br>Saturday | ഡയറക്ടറുടെ ചുമതലയിൽ<br>*@ St.Mary's HSS* Manarcad |
| d | ഭദ്രാസന തല പരിശീലന കളരി | **October 6** | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച് |
| e | അഖില മലങ്കര തലം<br>( MJSSA Level ) | **October 12**<br>Saturday | MJSSA Headquarters & Camp site Puthencruz |

| | | | |
|---|---|---|---|
| 11 | ' ഡാലിയ ' ( DALIA ) വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പ് | September **20,21,22** ( Fri - Sun ) | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച് |
| 12 | **പരീക്ഷകൾ** | | |
| a | മോഡൽ പരീക്ഷ ( Class X , XI, XII ) | **November 10** | ഹെഡ്മാസ്റ്ററുടെ ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച് |
| b | വാർഷിക പരീക്ഷ ( Class I – IX & XI ) | **November 24** ( 01 pm – 03:30 pm ) | ഹെഡ്മാസ്റ്ററുടെയും സൂപ്പർവൈസറുടെയും ചുമതലയിൽ അതാത് സൺഡേ സ്കൂളിൽ വച്ച് |
| c | JSSLC & Plus Two 2024 | **December 1** ( 01 pm – 03:30 pm ) | ഇൻസ്പെക്ടർ ( ചീഫ് സൂപ്രണ്ട് ) & അസി.ചീഫ് സൂപ്രണ്ട് ചുമതലയിൽ അതാത് ഡിസ്ട്രിക്റ്റ് കമ്മിറ്റി നിശ്ചയിക്കുന്ന പൊതു പരീക്ഷ കേന്ദ്രത്തിൽ വച്ച് |
| d | ഭദ്രാസന കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് | **December 8** | Centralized Valuation Camp / Class V – IX & Plus One |
| 13 | ഭദ്രാസന അദ്ധ്യാപക സൗഹൃദ സംഗമം ( BASS ) | **December 15** | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച് |

## 1. വർഷാരംഭ സ്റ്റേറ്റ്മെന്റ് 2024

എല്ലാ സൺഡേസ്കൂളുകളിലും ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ വഴി എം.ജെ.എസ്.എസ്.എ വർഷാരംഭ സ്റ്റേറ്റ്മെന്റ് ലഭിച്ചെന്ന് കരുതുന്നു. പ്രസ്തുത സ്റ്റേറ്റ്മെൻ്റ് പൂർണ്ണമായും പൂരിപ്പിക്കുവാൻ ശ്രദ്ധിക്കുക. ഇതിലെ വിവരങ്ങൾ നമ്മുടെ ഭദ്രാസന വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതാണ്.

a. സ്റ്റാഫ് ലിസ്റ്റ് എന്ന ഭാഗത്ത് Name എന്ന കോളത്തിൽ പേരിനൊടൊപ്പം വീട്ടു പേരും ഇംഗ്ലീഷിൽ വ്യക്തമായി പൂരിപ്പിക്കുവാൻ ശ്രദ്ധിക്കുക.

b. **അദ്ധ്യാപകരുടെ 31.12.2023 ൽ പൂർത്തിയായ സർവ്വീസാണ് എഴുതേണ്ടത്.**

c. സൺഡേസ്കൂൾ XII പാസായവർ പുതുതായി അദ്ധ്യാപകരായി കടന്ന് വരുന്നുണ്ടെങ്കിൽ , അവരുടെ Service കോളത്തിൽ 'NIL' എന്ന് എഴുതിയാൽ മതി. അതേ സമയം സർവ്വീസ് ബ്രേക്കാണെങ്കിൽ ( നേരത്തെ പഠിപ്പിച്ചിരുന്നതും പിന്നീട് നിർത്തിയവരും) പഠിപ്പിച്ചിരുന്ന കാലയളവിലെ സർവ്വീസ് എഴുതേണ്ടതാണ്.

d. ഫോൺ നമ്പർ എഴുതുമ്പോൾ Whatsapp ഉള്ള നമ്പറുണ്ടെങ്കിൽ അത് എഴുതേണ്ടതാണ്.

e. അർദ്ധ വാർഷിക പരീക്ഷയ്ക്ക് ഇതിൽ പൂരിപ്പിച്ചിട്ടുള്ള കുട്ടികളുടെ എണ്ണം അനുസരിച്ചാവും ഓരോ ക്ലാസുകളിലെയും ചോദ്യപേപ്പർ ലഭിക്കുന്നത്.

f. പൂരിപ്പിച്ച കോപ്പികൾ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാരെ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു കോപ്പി സൺഡേസ്കൂൾ ഫയലിലും സൂക്ഷിക്കുക. ( 4 copy- Sunday School copy , District Copy , Diocese Copy , MJSSA Copy )

## 2. Sunday - Funday @ Sunday Schools - with Games and Activities

ക്ലാസുകളോടൊപ്പം ചില പുതിയ പഠനരീതികളും അവതരിപ്പിക്കുവാൻ നമുക്കായാൽ കുട്ടികളെ സൺഡേസ്കൂളിലേക്ക് ആകർഷിക്കാൻ കുറച്ച് കൂടി സാധ്യമാവും. നമ്മുടെ സൺഡേ സ്കൂളുകളിലും വിവിധ കളികളും പ്രവർത്തനങ്ങളും ഉൾകൊള്ളിച്ച് നല്ല വേദിയാക്കി മാറ്റാൻ Sunday - Funday @ Sunday Schools എന്ന പേരിൽ ഭദ്രാസനം ഒരു പദ്ധതി ആരംഭിക്കുകയും ഭദ്രാസന തല ഉദ്ഘാടനം അഭി. ഇടവക മെത്രാപ്പോലീത്ത 07.01.2024 ഞായറാഴ്ച്ച നിർവ്വഹിച്ചതാണല്ലോ.

വിവിധ ക്ലാസുകളിൽ നൽകാൻ സാധിക്കുന്ന ചില കളികളും പ്രവർത്തനങ്ങളും ( Games & Activities ) Whatsapp ഗ്രൂപ്പുകളിൽ നൽകിയിരുന്നു. ഈ മാതൃകയിൽ അദ്ധ്യാപകർക്കും തങ്ങളുടെ സർഗവാസന ഉപയോഗിച്ച് കൂടുതൽ കളികളോ പ്രവർത്തനങ്ങളൊ ഓരോ പാഠഭാഗത്തു നിന്നും ഉൾകൊള്ളിക്കാനാവുന്നതാണ്. പുതുമയുള്ളവ ഭദ്രാസന തലത്തിലും അറിയിക്കുക. ഈ പ്രോഗ്രാം സൺഡേസ്കൂളുകളിൽ നടപ്പിലാക്കുവാൻ പരമാവധി ശ്രദ്ധിക്കുക. ഈ പ്രവർത്തനങ്ങളും കളികളും ആരോഗ്യകരമായ രീതിയിൽ മാത്രം മുന്നോട്ട് കൊണ്ടുപോവുക. കുട്ടികളുടെ മത്സരബുദ്ധി വളർത്തുന്നതിനപ്പുറം വ്യക്തിത്വ വികാസവും ദൈവവഴിയിലുള്ള വളർച്ചയുമായിരിക്കണം ലക്ഷ്യം.

അദ്ധ്യാപക യോഗം കൂടുമ്പോൾ Sunday - Funday @ Sunday Schools പദ്ധതിയുടെ ഭാഗമായി കൊടുത്തിട്ടുള്ളതും , അതൊടൊപ്പം ഉൾപ്പെടുത്താവുന്ന പുതിയവയും ( Games & Activities ) ചർച്ച ചെയ്യുകയും ആയത് സൺഡേസ്കൂളുകളിൽ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനായി ഒരു അദ്ധ്യാപകന് ചുമതല നൽകുകയും ചെയ്യുക. കളറിംങ് പോലുള്ള ആക്റ്റിവിറ്റീസ് കൂടി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുക. Sample Drawings ഗ്രൂപ്പിൽ നൽകിയത് പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**വരയും വായനയും**

---------------------------------------

ഏതെങ്കിലും ഒരു പാഠഭാഗത്ത് നിന്നും ഒരു വിഷയമോ മനപാഠവാക്യമോ അദ്ധ്യാപകൻ തിരഞ്ഞെടുത്ത് അത് ചിത്രീകരിക്കാൻ കുട്ടികളോട് ആവശ്യപ്പെടുക.

MJSSA Kottayam Diocese

**ഉദാഹരണം:**
Class I, പാഠം 8 ക്രിസ്തുമസ്

പാഠം 3 മനപാഠവാക്യം
" സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത് എത്ര നന്മയും എത്ര സൗന്ദര്യവും ആകുന്നു "

കുട്ടികൾ ക്രിസ്തുമസ് സംബന്ധിച്ച അവരുടെ ഓർമകൾ [ നക്ഷത്രം, ക്രിസ്തുമസ് ട്രീ, പുൽക്കൂട് ] or നല്ലൊരു കുടുംബ അന്തരീക്ഷം എന്നിവ വരയ്ക്കും. ക്രയോണുകൾ, വർണ്ണ വസ്തുക്കൾ എന്നിവ ഉപയോഗിച്ച് പാഠവിഷയത്തെ മനോഹരമായി ചിത്രീകരിച്ച് ആശയം കൂടി ഉൾകൊള്ളിക്കുക.

കലാസൃഷ്ടികൾ സൺഡേസ്കൂളിൽ പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ ഒരു ബൈബിൾ ആർട്ട് ഗാലറിയോ ഉണ്ടാക്കുക.

MJSSA KOTTAYAM DIOCESE

**Bible Word Search**

---------------------------------

ഒരു പാഠത്തിന് ശേഷം കുട്ടികൾ പഠിച്ച കാര്യങ്ങൾ ഓർക്കാൻ സഹായിക്കുന്ന മികച്ച പ്രവർത്തനമാണിത്. കീവേഡുകളും ശൈലികളും ഉപയോഗിച്ച്, ബൈബിളിൽ നിന്ന് പദങ്ങൾ കണ്ടെത്തുക.

ഉദാ. Class IV, പാഠം 4 ധീരനായ ന്യായാധിപൻ

MJSSA Kottayam Diocese

ശിംശോൻ, ഫെലിസ്ത്യർ, ദലീല, etc.. തുടങ്ങിയ വാക്കുകൾ ന്യായാധിപന്മാർ 13-16 അദ്ധ്യായങ്ങളിൽ നിന്നും കണ്ടെത്തുവാൻ പറയുക.

പാഠവുമായി ബന്ധപ്പെട്ട് കൂടുതൽ പദങ്ങൾ കണ്ടെത്തി പോയിന്റുകൾ നേടുന്ന ടീം/വ്യക്തിക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകാവുന്നതാണ്.

**വാക്യ റിലേ മത്സരം**

-------------------------------------

കുട്ടികൾക്ക് പ്രചോദനാത്മകമായ ബൈബിൾ വാക്യങ്ങൾ പഠിക്കാനുമുള്ള ഗെയിം

രണ്ട് ടീമുകളായി വിഭജിച്ച് ഓരോ ടീമിനും താരതമ്യേന ഒരേ നീളമുള്ള വാക്യങ്ങൾ ഓർമ്മിക്കാൻ നൽകുക. "ഗോ"എന്നു പറയുമ്പോൾ, ഓരോ ടീമും ഒരു കളിക്കാരനെ ബോർഡിൽ വാക്യത്തിന്റെ ഒരു വാക്ക് എഴുതാൻ അയയ്ക്കണം.

MJSSA Kottayam Diocese

**ഉദാഹരണത്തിന്**

Class V പാഠം 11

" നിങ്ങൾ വിചാരിച്ചിരിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുമെന്നതിനാൽ നിങ്ങളും ഒരുക്കിയിരിപ്പിൻ " എന്ന വാക്യം ഓരോരുത്തരായി മാറി മാറി ബോർഡിൽ പോയി എഴുതി തിരികെവരിക. എപ്പോഴെങ്കിലും വാക്കു മാറി എഴുതുകയോ വിട്ടുപോവുകയോ ചെയ്താൽ മായ്ച്ച് വീണ്ടും എഴുതേണ്ടതാണ്. ടീമിലെ അംഗങ്ങളുടെ എണ്ണവും കൃത്യമായിരിക്കണം.ആദ്യം വാക്യം പൂർത്തീകരിക്കുന്ന ടീം വിജയിക്കും.

MJSSA KOTTAYAM DIOCESE

**ബൈബിൾ കാർഡുകൾ**

Kottayam Diocese

----------------------------

(മുതിർന്ന ക്ലാസുകളിലെ കുട്ടികൾക്ക്)

നിങ്ങളുടെ സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കുമായി ബൈബിൾ വാക്യങ്ങൾ ഉപയോഗിച്ച് മനോഹരമായ കാർഡുകൾ സൃഷ്ടിക്കുക.

ഉദാഹരണത്തിന് ഒരു സുഹൃത്തിന് വിജയാശംസകൾ നേരാൻ " എന്നെ ശക്തിപ്പെടുത്തുന്നവനായ മ്ശിഹാ മൂലം ഞാൻ സകലത്തിനും പ്രാപ്തനാണ് " ( ഫിലിപ്പിയർ 4:13) എന്ന വാക്യം ഉപയോഗിച്ച് മനോഹരമായ കാർഡ് നിർമ്മിക്കുക.

ഇത്തരത്തിൽ പാഠഭാഗത്തെ വിവിധ വാക്യങ്ങൾ ഉപയോഗിച്ച് ചിത്രങ്ങളും വരച്ച് കാർഡുകൾ നിർമിക്കുക

## 3. <u>മികവ് - 2024 ( ഭദ്രാസന അദ്ധ്യാപക മത്സരം )</u>

ഈ വർഷത്തെ ഭദ്രാസന അദ്ധ്യാപക മത്സരമായ മികവ് **2024 മെയ് 11 ശനിയാഴ്ച** ഭദ്രാസന ഡയറക്ടറുടെ ചുമതലയിൽ നടത്തപ്പെടുന്നതാണ്. ഓരോ വിഭാഗത്തിലെയും <u>**ഓരോ ഇനത്തിലും** ഒരു ഡിസ്ട്രിക്റ്റിൽ നിന്നും ആൺ/ പെൺ പൊതുവായി **2 പേർക്കാണ്** ഭദ്രാസന തലത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നത്.</u> ഹെഡ്മാസ്റ്റർമാരുടെ ചുമതലയിൽ സൺഡേസ്കൂളുകളിലും , ഇൻസ്പെക്ടറുടെ ചുമതലയിൽ ഡിസ്ട്രിക്റ്റ് തലത്തിലും മത്സരങ്ങൾ നടത്തി ഭദ്രാസന മത്സരത്തിനുള്ള <u>**ഡിസ്ട്രിക്റ്റ് ലിസ്റ്റ് ഇൻസ്പെക്ടർ 2024 ഏപ്രിൽ 28 ന് മുമ്പായി**</u> ഭദ്രാസന ഡയറക്ടറെ ഏൽപ്പിക്കേണ്ടതാണ്.

- 2024 ലെ MJSSA വർഷാരംഭ സ്റ്റേറ്റ്മെൻ്റിൽ പേരുള്ള അദ്ധ്യാപകർക്ക് മാത്രമേ സൺഡേസ്കൂൾ/ ഡിസ്ട്രിക്റ്റ് / ഭദ്രാസന മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹതയുണ്ടാവുകയുള്ളൂ.

- മത്സരങ്ങളുടെ മൂല്യനിർണ്ണയവും ( Scoring Indicators ) , ഭദ്രാസനതല ഓവറോൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുന്നതും ( Grade + Rank Points ) 2024 MJSSA കലോത്സവത്തിലെ അതേ മാതൃകയിൽ ആയിരിക്കും.

- ആവശ്യമായി വന്നാൽ ( പരാതി ലഭിക്കുന്ന പക്ഷം ) മത്സരാർത്ഥികളുടെ വയസ് തെളിയിക്കുന്നതിനുള്ള സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതും കൃത്രിമം കണ്ടുപിടിക്കപ്പെട്ടാൽ അടുത്ത 3 വർഷത്തേക്ക് പ്രസ്തുത സൺഡേസ്കൂളിനെ എല്ലാ തലത്തിലുമുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും മാറ്റി നിർത്തുന്നതുമാണ് ( As per MJSSA Manual )

## വിഭാഗങ്ങൾ

2024 ജനുവരി 1 അടിസ്ഥാനമാക്കിയാണ് വയസ്സ് നിർണ്ണയിക്കേണ്ടത്

| Category | Age Limit | Date of Birth |
|---|---|---|
| Junior | **35 വയസ്സ് വരെ**<br>( 01.01.2024 ൽ 35 വയസ്സ് പൂർത്തിയാവരുത് ) | on or after 01/01/1989 |
| Senior | **35 വയസ്സ് മുതൽ 55 വയസ്സ് വരെ**<br>( 01.01.2024 ൽ 55 വയസ്സ് പൂർത്തിയാവരുത് ) | 01/01/1969 - 31/12/1988 |
| Super - Senior | **55 വയസ്സ് മുതൽ പ്രായമുള്ളവർ**<br>( 01.01.2024 ൽ 55 വയസ്സ് പൂർത്തിയാവർ മുതൽ ) | up to 31/12/1968 |

## ഇനങ്ങൾ

| | |
|---|---|
| 1. പ്രസംഗം ( 5 Minutes ) | 3. ആരാധനാ ഗീതം മലയാളം ( 3 Minutes ) |
| 2. സംഗീതം ( 3 Minutes ) | 4. ആരാധനാ ഗീതം സുറിയാനി ( 3 Minutes ) |

## പ്രസംഗ വിഷയങ്ങൾ

Junior : നാം വാഗ്ദത്തത്തിന്റെ സന്താനങ്ങളാകുന്നു ( ഗലാത്യർ 4:28 )

Senior : എഴുന്നേറ്റു ശോഭിക്കുക ( ഏശായാ 60:1 )

Super - Senior : എനിക്ക് ക്രിസ്തുവിനോടുള്ള കടപ്പാട്

---

ആരാധനാഗീതം മത്സരങ്ങൾക്ക് തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ - 2019 പുസ്തകത്തിലെ ഏതെങ്കിലും ഗീതമാണ് ഉപയോഗിക്കേണ്ടത്. ആരാധനാ ഗീത മത്സരങ്ങൾക്ക് ( മലയാളം & സുറിയാനി ) ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ ( നിറം ) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ _2019 ബുക്കിൽ അതാത് ഗാനത്തോടൊപ്പം പ്രത്യേകം ചേർത്തിട്ടുണ്ട്.

## 4. പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെമ്മോറിയൽ സ്കോളർഷിപ്പ് പരീക്ഷ

പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയുടെ പാവനസ്മരണ നിലനിർത്തുന്നതിനായി ഭദ്രാസനം നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ സന്ദേശം കൂടുതൽ കുട്ടികളിലേക്ക് എത്തിക്കുന്നതിന് ഈ വർഷം മുതൽ പരീക്ഷയിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

- **Two Tier Examination ( രണ്ട് ഘട്ടം )**

ആദ്യ ഘട്ടമായ പ്രിലിമിനറി പരീക്ഷ അതാത് സൺഡേസ്കൂളുകളിൽ വച്ച് ഓൺലൈനായി **ഏപ്രിൽ 21** ന് നടത്തും. പരീക്ഷ ലിങ്ക് അദ്ധ്യാപകരുടെ മൊബൈലിൽ എത്തുന്നതും തുടർന്ന് നിശ്ചിത സമയത്തിനുള്ളിൽ google form

തിരിച്ചയക്കേണ്ടതുമാണ്. യോഗ്യതയുള്ള എല്ലാ കുട്ടികൾക്കും പരീക്ഷ ഓൺലൈനായി എഴുതുവാനുള്ള സമയം ലഭിക്കുന്നതാണ്.

നിശ്ചിത കട്ട് ഓഫ് കടക്കുന്ന കുട്ടികൾക്കായി രണ്ടാം ഘട്ടമായ Main Examination ( എഴുത്തു പരീക്ഷ ) **മെയ് 4** ന് ഡയറക്ടറുടെ ചുമതലയിൽ ഒരു പരീക്ഷ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്

- ❖ സൺഡേസ്കൂൾ ക്ലാസ് മാനദണ്ഡമാക്കിയല്ല, മറിച്ച് പ്രായപരിധിയാണ് കണക്കാക്കുന്നത്. ഒരു സ്കോളർഷിപ്പ് പരീക്ഷയായതിനാൽ പ്രായപരിധിക്കുള്ളിലെ താൽപര്യമുള്ള എല്ലാ വിദ്യാർത്ഥിക്കും, നൽകിയിട്ടുള്ള പാഠഭാഗങ്ങൾ പഠിച്ച് പരീക്ഷയെഴുതാവുന്നതാണ്.

2024 ജനുവരി 1 അടിസ്ഥാനമാക്കിയാണ് വയസ്സ് നിർണ്ണയിക്കേണ്ടത്

| Category | Age Limit | Date of Birth |
|---|---|---|
| LSS | **10 വയസ്സ് വരെ**<br>( 01.01.2024 ൽ 10 വയസ്സ് പൂർത്തിയാവരുത് ) | on or after 01/01/2014 |
| USS | **10 വയസ്സ് മുതൽ 13 വയസ്സ് വരെ**<br>( 01.01.2024 ൽ 13 വയസ്സ് പൂർത്തിയാവരുത് ) | 01/01/2011 - 31/12/2013 |

- ❖ പ്രിലിമിനറി പരീക്ഷ സൗജന്യമാണ്. മെയിൻ പരീക്ഷയ്ക്ക് Rs 20 രജിസ്ട്രേഷൻ ഫീ ഉണ്ടായിരിക്കുന്നതാണ്.

## സിലബസ്

### LSS ( Lower Secondary Scholarship ) Examination

| Topic | Mark Distribution |
|---|---|
| സൺഡേസ്കൂൾ 1, 2, 3, 4 ക്ലാസുകളിലെ പാഠഭാഗങ്ങൾ | 70 % |
| പൊതു വിജ്ഞാനം ( സഭാപരം ) | 20 % |
| ആനുകാലികം | 10 % |

### USS ( Upper Secondary Scholarship ) Examination

| Topic | Mark Distribution |
|---|---|
| സൺഡേസ്കൂൾ 5, 6, 7 ക്ലാസുകളിലെ പാഠഭാഗങ്ങൾ | 60 % |
| പൊതു വിജ്ഞാനം ( സഭാപരം ) | 20 % |
| ആനുകാലികം | 20 % |

| | | |
|---|---|---|
| **Preliminary Examination** | 2024 April 21 Sunday | Objective Type<br>Online Examination |
| **Main Examination** | 2024 May 4 Saturday | Objective & One Word Type<br>Written Examination |

## 5. ആത്മദീപം

സൺഡേസ്കൂൾ പ്രസ്ഥാന മുഖപത്രമായ ആത്മദീപം മാസികയ്ക്ക് മറ്റ് ഭദ്രാസനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വിദ്യാർത്ഥി - അദ്ധ്യാപക എണ്ണത്തിന് ആനുപാതികമായി നമ്മുടെ ഭദ്രാസനത്തിൽ വരിക്കാരില്ല. ആയതിൽ

സൺഡേസ്കൂൾ തലത്തിൽ ഓർഗനൈസർമാരെ തിരഞ്ഞെടുത്ത്, ഹെഡ്മാസ്റ്റർമാരുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടെ പരമാവധി വരിക്കാരെ ചേർക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. അത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഓർഗനൈസർമാർ, ചേരുന്ന വരിക്കാർ എന്നിവരുടെ പേരുവിവരങ്ങൾ അതാത് ഇൻസ്പെക്ടറെയും, ഇൻസ്പെക്ടർ ഡയറക്ടറെയും അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

അതൊടൊപ്പം, ആത്മദീപം മാസികയിൽ പ്രസിദ്ധീകരിക്കുന്ന കളറിംഗ് മത്സരം, വിശുദ്ധ ഗ്രന്ഥ പ്രശ്നോത്തരി എന്നിവയിൽ പങ്കെടുക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ആത്മദീപം മാസികയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അദ്ധ്യാപകരുടെയും കുട്ടികളുടെയും ലേഖനങ്ങൾ, കഥ, കവിത എന്നിവ ലഭ്യമാക്കുന്ന പക്ഷം ആയവ ഡിസ്ട്രിക്റ്റ് / ഭദ്രാസന തലത്തിൽ സമാഹരിച്ച് MJSSA യിൽ എത്തിച്ച് കൊടുക്കുന്നതിനുള്ള ക്രമീകരണം ചെയ്യുന്നതാണ്. ആയതിനാൽ പരാമാവധി ആളുകളെ വരിക്കാരാക്കി പ്രസ്തുത മത്സരങ്ങളിൽ ഉൾപ്പെടെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക.

കഴിഞ്ഞ കാലയളവിലെ വിജയങ്ങൾ മുറുകെ പിടിച്ചുകൊണ്ടും, അതൊടൊപ്പം പരാജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടും , ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന കുഞ്ഞുങ്ങളെ ദൈവമക്കളായി പരിപാലിക്കേണ്ട മഹത്തായ പ്രവർത്തി ശ്രദ്ധയോടെ നമ്മുക്ക് നിറവേറ്റാം. ഭദ്രാസനത്തിലെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്തു തരുന്ന അഭി.തോമസ് മോർ തീമോത്തിയോസ് തിരുമേനിയോടും സൺഡേ സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കി തന്ന് സഹായിക്കുന്ന ബഹു.പള്ളികളോടും , ഈ പ്രസ്ഥാനത്തിന് എല്ലാവിധ പിന്തുണയും നൽകി വരുന്ന ബഹു. വൈദീകരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

മേൽ പറഞ്ഞ പദ്ധതികൾക്ക് എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊണ്ട്

ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി

**ഭദ്രാസന സെക്രട്ടറി**
**ശ്രീ.കെ.ജെ.ജോമോനൊടൊപ്പം**

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

M.J.S.S.A KOTTAYAM DIOCESE

സ്നേഹപൂർവ്വം

അവിനേഷ് തണ്ടാശ്ശേരിൽ
**ഭദ്രാസന ഡയറക്ടർ**